**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.329</u> 04.06.2018 ൽ മറുപടിക്ക്

## <u>മാവേലിക്കര ജില്ലാ ആശുപത്രി</u>

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് ജില്ലാ ആശുപത്രിയുടെ നിലവാരത്തിനനുസൃതമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ അനുവദിച്ച് നിലവാരം ഉയർത്തുന്നതിനും ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയുടെ നിലവാരത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കാനും, ഒരു താലൂക്കിൽ ഒരു താലൂക്ക് തല ആശുപത്രി നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കാനുമാണ് ലക്ഷ്യമിടുന്നത്. ജി.ഒ.(എം.എസ്.) നം.58/2017/ആ.കു.വ തീയതി 22.04.2017 അനുസരിച്ച് ആലപ്പുഴ ജില്ലയിലെ ജനറൽ ആശുപത്രിയാണ് ജില്ലാതല ആശുപത്രിയായി തെരെഞ്ഞെടുത്തിരിക്കുന്നത്. ടി ഉത്തരവ് അനുസരിച്ച് മാവേലിക്കര ആശുപത്രിയെ താലൂക്ക് തല ആശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളിൽ 3 വർഷം കൊണ്ട് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 2017-18 ൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ വിവിധ തസ്തികകൾ സൃഷ്ടിച്ച നൽകിയിട്ടുണ്ട്.<br>16.04.2018 ലെ സ.ഉ.(ആർ.റ്റി.) നം.1247/2018/ആ.കു.വ പ്രകാരം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് KIIFB-ൽ ഉൾപ്പെടുത്തി 126.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ DPR തയ്യാറാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിനും INKEL Limited എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | മാവേലിക്കര ജില്ലാ ആശുപത്രിയിലെ അനുവദനീയ തസ്തികകളിലെല്ലാം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ